# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്
## സാന്നിദ്ധ്യം:ഡി.ലീന ലിറ്റി

വിഷയം: പൊതു.വിദ്യാ.- ജീവനം — ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.09.2017 ലെ ഒ.എ നമ്പർ 1806/2017 നമ്പർ ഉത്തരവ് നടപ്പാക്കുന്നത് - സംബന്ധിച്ച്.

വായന:- 1) ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.09.2017 ലെ ഒ.എ നമ്പർ 1806/2017 നമ്പർ ഉത്തരവ്
2) 23.09.2017 തീയതിയിലെ സർക്കാർ കത്ത് നമ്പർ സി2/138/2017/പൊവി.വ

## ഉത്തരവ് നമ്പർ ഡി5/70844/2017/ഡി.പി.ഐ, തീയതി 21/10/2017

ആലപ്പുഴ അർത്തുങ്കൽ ആർ.എഫ്.റ്റി.എച്ച്.എസ്.എസ് ആന്റ് വി.എച്ച്.എസ്.എസ് ലെ പ്രഥമ അദ്ധ്യാപിക ശ്രീമതി ഇല്ലിബ എം. തിരുവനന്തപുരം ജില്ലയിൽ ഒഴിവുള്ള കരമന സർക്കാർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ പ്രഥമ അദ്ധ്യാപക തസ്തികയിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് (അനക്വഷർ എ9) പ്രകാരം സർക്കാർ മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. മേൽ ഒഴിവിലേക്ക് സമർപ്പിക്കപ്പെട്ട മറ്റു അപേക്ഷകരുടെ അപേക്ഷകളോടൊപ്പം സ്ഥലംമാറ്റത്തിനായിട്ടുള്ള പൊതുമാനദണ്ഡം പ്രകാരം പരിശോധിച്ച് ടിയാളുടെ അപേക്ഷയിൽ യുക്തമായ തീരുമാനം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം നടപടി സ്വീകരിക്കുന്നതിന് 19.09.2017 തീയതിയിലെ ഒ.എ നം.1806/2017 പ്രകാരം ഒന്നാം എതിർ കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായി.

ബഹു.കെ.എ.റ്റി യുടെ ഉത്തരവ് അനുസരിച്ച് ശ്രീമതി ഇല്ലിബ എം.ന്റെ അപേക്ഷ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം പരിശോധിച്ച് സമയപരിധിക്കുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതിനും ആയത് അപേക്ഷകയെ അറിയിക്കുന്നതിനും വായന (2) സർക്കാർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുക ഉണ്ടായി. ടി ഉത്തരവ് 26.09.2017 ന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭിച്ചു.

അതിൻ പ്രകാരം അപേക്ഷകയും അർത്തുങ്കൽ ആർ.എഫ്.റ്റി.എച്ച്.എസ്.എസ് ആന്റ് വി.എച്ച്.എസ്.എസ് ലെ പ്രഥമ അദ്ധ്യാപികയായ ശ്രീമതി ഇല്ലിബ എം, നിലവിലെ കരമന സർക്കാർ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ പ്രഥമ അദ്ധ്യാപിക ശ്രീമതി യമുനാദേവി റ്റി.എസ് എന്നിവരെ സമയപരിധി കണക്കിലെടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ 11.10.2017 തീയതിയിൽ നേരിട്ട് കേൾക്കുക ഉണ്ടായി.

മേൽ വ്യക്തിഗത കൂടികാഴ്ചയിൽ ശ്രീമതി ഇല്ലിബ താഴെപ്പറയുന്ന കാര്യങ്ങൾ ബോധിപ്പിക്കുകയും ഒരു കുറിപ്പ് സമർപ്പിക്കുകയും ചെയ്തു.

1) താൻ ക്യാൻസർ രോഗവുമായി ബന്ധപ്പെട്ട അസ്ഥിരോഗ ചികിത്സയിൽ തിരുവനന്തപുരം ആർ.സി.സി യിൽ ചികിത്സയിലാണ്.

2) ചികിത്സയുമായി ബന്ധപ്പെട്ട അനുകമ്പാർഹമായ കാരണങ്ങൾ സൂചിപ്പിച്ച് തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് 02.08.2017 തീയതിയിൽ ബഹു.വിദ്യാഭ്യാസ മന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

3) തന്റെ അപേക്ഷ പരിഗണിക്കാതെ തിരുവനന്തപുരം എസ്.എം.വി.എച്ച്.എസ്.എസ് ലെ പ്രഥമ അദ്ധ്യാപിക തസ്തികയിലുണ്ടായ ആകസ്മിക ഒഴിവിലേക്ക് ആലപ്പുഴ ജില്ലയിലെ വിയ്യപുരം സ്കൂളിൽ പ്രഥമ അദ്ധ്യാപക തസ്തികയിൽ തുടർന്നു വന്ന ശ്രീ.ജീവരാജനെ സ്ഥലംമാറ്റം നൽകി നിയമിച്ചു. ആയത് നിയമവിരുദ്ധമാണ്.

4) ഹെഡ്മാസ്റ്റർമാരെ ഹയർസെക്കൻഡറി പ്രിൻസിപ്പൽമാരായി നിയമനം നൽകിയത് മൂലം ജില്ലയിൽ ഉണ്ടായ എ.ഇ.ഒ സൗത്ത്, കാലടി എച്ച്.എസ്, ഡി.പി.ഐ ഓഫീസിലെ എൻ.എഫ്.റ്റി ഡബ്ല്യൂയിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക, കമലേശ്വരം, തിരുവനന്തപുരം സംസ്കൃത സ്കൂൾ എന്നിവയിൽ ഉണ്ടായ ഒഴിവിലോ പരിഗണിക്കാതെ തിരുവനന്തപുരം ജില്ലയിൽ തന്നെ തന്റെ താമസസ്ഥലത്ത നിന്ന് 45 കിലോമീറ്ററോളം ദൂര മുള്ള കടയ്ക്കാവൂർ സ്കൂളിലാണ് സ്ഥലംമാറ്റം അനുവദിച്ചത്. അസ്ഥിരോഗ ചികിത്സയിലായ തനിക്ക് ബസ് യാത്ര ചെയ്യാനാവില്ലെന്നും അതിനാൽ ടി സ്ഥലംമാറ്റം റദ്ദാക്കാൻ അപേക്ഷ നൽകുകയും ആയത് റദ്ദാക്കു കയും ചെയ്തു.

5) കരമന ജി.ജി.എച്ച്.എസ് ൽ പ്രഥമ അദ്ധ്യാപിക തസ്തികയിൽ ഒഴിവുള്ളതായ് അറിഞ്ഞതിനെ തുടർന്ന് ടി സ്കൂളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് 14.09.2017, 16.09.2017 എന്നീ തീയതികളിൽ യഥാക്രമം ഡി.പി.ഐ ക്കും സർക്കാരിനും അപേക്ഷ സമർപ്പിക്കുകയുണ്ടായി.

6) അതോടൊപ്പം തനിക്ക് നീതി ലഭിക്കില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തന്റെ ആവലാതികൾ ബഹു.കെ.എ.റ്റി മുൻപാകെ 18.09.2017 തീയതിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

7) ബഹു.കോടതി തന്റെ അപേക്ഷയിൻമേൽ ഒരു മാസത്തിനകം തീരുമാനം കൈക്കൊള്ളാൻ 19.09.2017 തീയതിയിൽ ഉത്തരവായിട്ടും തന്റെ അപേക്ഷ പരിഗണിക്കാതെ അനുകമ്പാർഹമായ സാഹചര്യമില്ലാത്ത ശ്രീമതി യമുനാദേവി എന്ന പ്രഥമാദ്ധ്യാപികയ്ക്ക് കരമന ജി.ജി.എച്ച്.എസ്. ൽ സ്ഥലംമാറ്റം നൽകി ഉത്തര വായി എന്നും ആയത് ബഹു.കോടതിയോടുള്ള അനാദരവാണെന്നും ബോധിപ്പിക്കുകയുണ്ടായി.

ശ്രീമതി യമുനാദേവി താഴെപ്പറയുന്ന കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി

1) താൻ2015 ജൂലൈ മുതൽ പ്രഥമ അദ്ധ്യാപിക തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരുന്നു.

2) 02.06.2017 മുതൽ ഗവ.മോഡൽ ബോയ്സ് എച്ച്.എസ്.എസ് തൈക്കാട് പൊതുസ്ഥലംമാറ്റം വഴി അഡീഷണൽ ഹെഡ്മിസ്ട്രസ്സായി സ്ഥാനമേറ്റു.

3) താൻ ജോലി ചെയ്തുവരുന്ന മോഡൽ സ്കൂളിലെ അഡീഷണൽ എച്ച്.എം തസ്തിക കോഴിക്കോട് മേപ്പയൂർ ഗവ.വി.എച്ച്.എസ്.എസ് ലേക്ക് ഷിഫ്റ്റ് ചെയ്തതിനെ തുടർന്ന് തന്നെ ഗവ.ജി.എച്ച്.എസ്.എസ് കരമന സ്കൂളിലേക്ക് സ്ഥലംമാറ്റികൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായി അതനുസരിച്ച് 22.09.2017 മുതൽ പ്രസ്തുത സ്കൂളിൽ ജോലി ചെയ്തു വരുന്നു

4) താൻ എസ്.സി വിഭാഗത്തിൽപ്പെടുന്ന വ്യക്തിയാണെന്നും മിശ്രവിവാഹിതയും ഒരു വർഷക്കാലം ഹോം സ്റ്റേഷന് പുറത്ത് (കോട്ടയത്ത്) ജോലി ചെയ്തിരുന്നുവെന്നും ഭർത്താവ് ഇപ്പോൾ തലശ്ശേരിയിൽ ജോലി ചെയ്തു വരുന്നു എന്നും തനിക്കുള്ള രണ്ട് കുട്ടികൾ തിരുവനന്തപുരത്ത് പഠിച്ചുകൊണ്ടിരിക്കുകയാണ് എന്നും 22 വർഷക്കാലമായി തൈറോയ്ഡ് സംബന്ധിച്ച ചികിത്സയിലാണ് എന്നും ശ്രവണേന്ദ്രിയവുമായി ബന്ധപ്പെട്ട ഒരു സർജറി തീരുമാനിക്കപ്പെട്ടിട്ടുണ്ട് എന്നും റിഡക്ഷൻ അഡ്ജസ്റ്റ്മെന്റിന് ട്രാൻസ്ഫറിന് അപേ

മിക്കുന്നവരേക്കാൾ മുൻഗണന ഉണ്ട് എന്നും അതിനാൽ തന്നെ പ്രസ്തുത സ്കൂളിൽ തന്നെ തുടരാൻ അനുവദിക്കണമെന്നും ബോധിപ്പിച്ചു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ ഉൾപ്പെട്ട ഹൈസ്കൂൾ പ്രഥമ അദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകൾ, പ്രൈമറി വിഭാഗം പ്രഥമ അദ്ധ്യാപകർ, ഹൈസ്കൂൾ അസിസ്റ്റന്റ്/പ്രൈമറി ടീച്ചർമാർ എന്നീ തസ്തികയിലേക്കുള്ള പൊതുസ്ഥലംമാറ്റം 2009 മുതൽ ഓൺലൈൻ മുഖേന നടപ്പാക്കി വരുന്നു.

നിലവിലെ പൊതുസ്ഥലംമാറ്റത്തിലെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയും ആയത് ഓൺലൈൻ മുഖേന നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ നിശ്ചയിച്ചും ജി.ഒ (ആർ.റ്റി) 3/2017/പൊ.വി.വ തീയതി 25.02.2017 പ്രകാരം സർക്കാർ ഉത്തരവായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ തുടങ്ങിയ തസ്തികകളിലേക്ക് 2017 - 18 വർഷത്തേക്കുള്ള പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള നിർദ്ദേശങ്ങൾ 28.03.2017 ലെ സർക്കുലർ നമ്പർ 3 പ്രകാരം (നം.ഡി5/6000/2017/ഡി.പി.ഐ) പുറപ്പെടുവിച്ചിരുന്നു.

25.07.2017 തീയതിയിലെ ഡി5/6000/2017 നമ്പർ ഉത്തരവ് പ്രകാരമാണ് ശ്രീമതി എം.ഇല്ലിബക്ക് സ്ഥാനക്കയറ്റം ലഭിച്ചത്. തിരുവനന്തപുരം ജില്ലയിൽ ഒഴിവില്ലാത്തതിനെ തുടർന്ന് ടിയാളോടൊപ്പം സ്ഥാന ക്കയറ്റം ലഭിച്ചവരെ ആലപ്പുഴ, കോട്ടയം ജില്ലകളിലെ ഒഴിവുകളിലേക്കാണ് പരിഗണിച്ചത് ശ്രീമതി എം. ഇല്ലിബയെ ആലപ്പുഴ ജില്ലയിലെ ആർ.എഫ്.റ്റി.എച്ച്.എസ്.എസ് & വി.എച്ച്.എസ്.എസ് അറുത്തുങ്കൽ പ്രഥ മാദ്ധ്യാപിക തസ്തികയിൽ നിയമിച്ചു.

പൊതുസ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന തീയതിക്ക് ശേഷമാണ് ടിയാൾക്ക് പ്രൊമോഷൻ ലഭിച്ചതെന്നതിനാൽ ടിയാൾ ഓൺലൈൻ അപേക്ഷ നൽകിയിട്ടില്ല. എന്നാൽ ടിയാൾ ഒരു അപേക്ഷ നേരിട്ട് നൽകിയെങ്കിലും നിലവിൽ ഒഴിവുകളില്ലാത്തതിനാൽ പരിഗണിച്ചില്ല. തുടർന്ന് 11.07.2017 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിബി4/50462/17 നമ്പർ ഉത്തരവിലൂടെ തിരുവനന്ത പുരം എസ്.എം.വി ഹൈസ്കൂളിലെ പ്രഥമ അദ്ധ്യാപികയെ അച്ചടക്ക നടപടിയുടെ ഭാഗമായി മേൽ തസ്തി കയിൽ നിന്നും വേലവിലിക്കിയിരുന്നു. മേൽ ഒഴിവിലേക്ക് ഓൺലൈൻ പ്രകാരം സീനിയർ ആയിട്ടുള്ള അപേക്ഷകയായ നെടുമങ്ങാട് ജി.ജി.എച്ച്.എസ്.എസ് ലെ പ്രഥമ അദ്ധ്യാപിക ശ്രീമതി എൽ.ശശികല അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടിയാളും മുൻപ് അച്ചടക്ക നടപടിയുടെ ഭാഗമായി വേലവിലക്ക് നേരിടുകയും ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ തടയപ്പെടുകയും ചെയ്ത സാഹചര്യ ത്തിൽ ടിയാളുടെ അപേക്ഷ പരിഗണിക്കാതെ സീനിയറും വിരമിക്കാൻ ഒരു വർഷം മാത്രമുള്ളതും 29.05.2017 തീയതിയിലെ ഉത്തരവിലൂടെ സ്ഥാനക്കയറ്റം ലഭിച്ച് തിരുവനന്തപുരം ജില്ലയിൽ നിന്നും പുറത്ത് ആലപ്പുഴ നിമയനം ലഭിച്ച ശ്രീ.ബി ജീവരാജിനെ എസ്.എം.വി.സ്കൂളിലെ നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് നിയമനാധികാരി എന്ന നിലയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ 09.08.2017 തീയ തിയിലെ ഡി5/6000/2017/ഡി.പി.ഐ പ്രകാരം നിയമിക്കുക ഉണ്ടായി. മേൽ സാഹചര്യത്തിൽ ടി ഒഴിവി ലേക്ക് ശ്രീമതി എം.ഇല്ലിബയെ പരിഗണിച്ചിട്ടില്ല.

ജി.ഒ (ആർ.റ്റി) 2499/2017/പൊ.വി.വ തീയതി 28.07.2017 ഉത്തരവിലൂടെ എച്ച്.എം/എ.ഇ. സമാന തസ്തികയിൽ നിന്നും ഹയർസെക്കൻഡറി പ്രിൻസിപ്പാൾ തസ്തികയിലേക്ക് നിയമനം നൽകിയതിനെ തുടർന്ന് സംസ്ഥാനത്ത് ആകെ 77 എച്ച്.എം/എ.ഇ.ഒ തസ്തികയിൽ ഒഴിവുണ്ടായി. അതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിൽ എ.ഇ.ഒ സൗത്ത്, കാലടി സ്കൂൾ, എൻ.എഫ്.റ്റി.ഡബ്ല്യൂ (ഡിപിഐ) തുടങ്ങിയ തസ്തികകളിൽ ഉള്ളവരും ഉൾപ്പെട്ടിരുന്നു. പ്രസ്തുത ഒഴിവുകളിലേക്ക് 2017-18 അദ്ധ്യയന വർഷത്തേക്ക് ഓൺലൈൻ പ്രകാരം പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ളവർക്ക് സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് 29.08.2017 തീയതി ഡി5/6000/2017/ഡി.പി.ഐ പ്രകാരം ഉത്തരവായി. അങ്ങനെ മേൽ ഒഴിവുകൾ എല്ലാം തന്നെ ഓൺലൈൻ മുഖേന നികത്തപ്പെട്ടു. പ്രസ്തുത ഉത്തരവിലെ സ്ഥലംമാറ്റത്തെ തുടർന്ന് തിരുവനന്തപുരം ജില്ലയിൽ ജി.എച്ച്.എസ് ചെറുന്നിയൂർ, ജി.എച്ച്.എസ് വക്കം, എസ്.എൻ.വി.എച്ച്.എസ്.എസ് കടയ്ക്കാവൂർ എന്നീ സ്ഥലങ്ങളിൽ ഒഴിവുണ്ടായി. ഇതിൽ സീനിയോറിറ്റി പരിഗണിക്കാതെ ശ്രീമതി എം. ഇല്ലിബയെ സഹതാപാർഹമായ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ എസ്.എൻ.വി.എച്ച്.എസ്.എസ് കടക്കാവൂരിൽ സ്ഥലംമാറ്റം നൽകി നിയമിക്കുകയുണ്ടായി. എന്നാൽ ടിയാന്റെ തന്നെ അപേക്ഷയെ തുടർന്ന് 23.09.2017 തീയതിയിലെ ഡി5/6000/17/ഡിപിഐ നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ മേൽ സ്ഥലംമാറ്റം റദ്ദ് ചെയ്ത് ടിയാനെ ഗവ.ആർ.എഫ്.റ്റി.എച്ച്.എസ് & വി.എച്ച്.എസ് അർത്തുങ്കൽ തന്നെ പ്രഥമ അദ്ധ്യാപികയായി തുടരാൻ അനുവദിച്ചു.

07.09.2017 തീയതിയിലെ ജി.ഒ (ആർ.റ്റി) 3115/2017 നമ്പർ പ്രകാരം സംസ്ഥാനത്തെ എച്ച്.എം/എ.ഇ.ഒ തസ്തികയിൽ നിന്നും വീണ്ടും ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയുണ്ടായി. അതിൽ തിരുവനന്തപുരം കരമന ജി.ജി.എച്ച്.എസ്.എസ് സ്കൂളും ഉൾപ്പെട്ടിരുന്നു. മേൽ ഉത്തരവിലൂടെ സ്ഥാനക്കയറ്റം ലഭിച്ചവർ റിലീവ് ചെയ്തതിന് ശേഷം മാത്രമേ പ്രസ്തുത തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുവാൻ കഴിയുമായിരുന്നുള്ളൂ.

മേൽ അവസരത്തിൽ തിരുവനന്തപുരം മോഡൽ ബോയ്സ് ഹൈസ്കൂളിൽ നിലവിലുണ്ടായിരുന്ന അഡീഷണൽ പ്രഥമാദ്ധ്യാപിക തസ്തിക മേപ്പയൂർ ഗവ.വി.എച്ച്.എസ്.എസ് ലേക്ക് ഷിഫ്റ്റ് ചെയ്യാൻ 16.08.2017 ലെ സി2/97/2017/പൊ.വി. നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത തസ്തിക ഷിഫ്റ്റ് ചെയ്യുന്നതിനെ തുടർന്ന് തിരുവനന്തപുരം മോഡൽ ബോയ്സ് ഹൈസ്കൂളിലെ അഡീഷണൽ പ്രഥമ അദ്ധ്യാപിക തസ്തികയിൽ ജോലി ചെയ്തു വന്നതും ഏറ്റവും സീനിയറുമായ ശ്രീമതി റ്റി.എസ് യമുനാദേവിയെ തിരുവനന്തപുരം ജില്ലയിൽ തന്നെ നിയമനം നൽകേണ്ട സ്ഥിതി വിശേഷം ഉണ്ടായി. ടി അവസരത്തിൽ തിരുവനന്തപുരം ജില്ലയിലെ കരമന ജി.ജി.എച്ച്.എസ്.എസ് ലെ പ്രഥമ അദ്ധ്യാപികയായിരുന്ന ശ്രീമതി മിനി റ്റി.കെ തനിക്ക് ലഭിച്ച ഡി.ഇ.ഒ തസ്തികയിലേക്ക് സ്ഥാനക്കയറ്റം സ്വീകരിക്കുകയും 16.09.2017 ൽ പ്രസ്തുത തസ്തികയിൽ നിന്നും വിടുതൽ ചെയ്യുകയുണ്ടായി. 2017-18 അദ്ധ്യയന വർഷത്തിൽ പൊതുസ്ഥലംമാറ്റം അപേക്ഷ സമർപ്പിച്ചവരുടെ ഹയർ ഓപ്ഷൻ പ്രകാരം പ്രസ്തുത സ്കൂളിൽ അപേക്ഷകർ ഉണ്ടായിട്ടും തന്റേതല്ലാത്ത കാരണത്താൽ തിരുവനന്തപുരം മോഡൽ ബോയ്സ് ഹൈസ്കൂളിലെ അഡീഷണൽ പ്രഥമ അദ്ധ്യാപിക തസ്തിക നഷ്ടപ്പെട്ടതിനാലും ജില്ലയിലെ തന്നെ സീനിയറായ ശ്രീമതി റ്റി.എസ് യമുനാദേവിയെ ജി.ജി.എച്ച്. എസ്.എസ് കരമനയിലെ പ്രഥമ അദ്ധ്യാപിക തസ്തി

യിലേക്ക് നിയമനാധികാരിയായ പൊതു വിദ്യാഭ്യാസ ഡയറക്ടർ 22.09.2017 തീയതിയിലെ ഡി5/6000/2017/ഡി.പി.ഐ പ്രകാരം സ്ഥലംമാറ്റി നിയമിക്കുകയുണ്ടായി.

2017 - 18 അദ്ധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റ സർക്കുലർ പ്രകാരം ടി അദ്ധ്യയന വർഷത്തിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് പൊതുസ്ഥലംമാറ്റ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ ഉണ്ടെങ്കിൽ അവരുടെ അപേക്ഷ നിയമപ്രകാരം പരിഗണിച്ചതിന് ശേഷം മാത്രമേ അതാത് വർഷം സ്ഥാനക്കയറ്റം ലഭിച്ചവരുടെ അപേക്ഷ പരിഗണിക്കുവാൻ കഴിയുകയുള്ളു.

2017 അദ്ധ്യയന വർഷം ആരംഭത്തിൽ തിരുവനന്തപുരത്ത് നിന്നും സ്ഥാനക്കയറ്റം ലഭിച്ച് ജില്ലക്ക് പുറത്ത് നിയമനം ലഭിച്ച 18 പേർ ഇപ്പോഴും ജില്ലയിൽ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.ശ്രീമതി എം.ഇല്ലിബയേക്കാൾ സീനിയർ ആയിട്ടുള്ളതും ആർ.സി.സി യിൽ ചികിത്സയിൽ തുടരുന്ന 2 പേരും വിരമി ക്കാൻ വെറും 8 മാസം മാത്രമുള്ള ഒരാളും തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചവരിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലെ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചവരുടെ ഹയർ ഓപ്ഷൻ, ഒഴിവാക്കിയാൽ തന്നെ വിരമിക്കാൻ ഇനി 8 മാസം മാത്രം ഉള്ള ഒരു അപേക്ഷയും കൂടാതെ ശ്രീമതി ഇല്ലിബയേക്കാൾ സീനിയർ ആയിട്ടുള്ളതും ആർ. സി.സി യിൽ ചികിത്സയിൽ തുടരുന്ന രണ്ട് അപേക്ഷകളും പരിഗണിച്ചതിന് ശേഷം മാത്രമേ ശ്രീമതി എം. ഇല്ലിബയുടെ അപേക്ഷ നിയമാനുസൃതം പരിഗണിക്കുവാൻ കഴിയുകയുള്ളു. തിരുവനന്തപുരം ജില്ലയിൽ എച്ച്.എം/എ.ഇ.ഒ തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി എം.ഇല്ലിബയുടെ അപേക്ഷ നിലവിൽ പരിഗണനാർഹമല്ല. എന്നാൽ തിരുവനന്തപുരം ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകുന്ന പക്ഷം ടിയാളുടെ അപേക്ഷ മറ്റ് അനുക മ്പാർഹമായ അപേക്ഷകരോടൊപ്പം പ്രാധാന്യത്തോടെ പരിഗണിക്കാമെന്ന തീരുമാനത്തോടെ ശ്രീമതി എം. ഇല്ലിബയുടെ അപേക്ഷ നിരസിക്കുന്നു.

ബഹു.കെ.എ.റ്റി യുടെ ഒ.എ നമ്പർ 1806/2017 ൻ മേലുള്ള 19.09.2017 ലെ ഉത്തരവ് ഇത്തരത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു.

ഡി.ലീന ലിറ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

1) സെക്രട്ടറി, പൊതുവിദ്യാഭ്യാസ (സി) വകുപ്പ്(ഉപരിപത്രം സഹിതം)
2) അഡ്വക്കേറ്റ് ജനറൽ, കേരള തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ശ്രീമതി എം.ഇല്ലിബ, ആർ.എഫ്.റ്റി.എച്ച്.എസ്.എസ് & വി.എച്ച്.എസ്.എസ്, അർത്തുങ്കൽ, ആലപ്പുഴ
4) ശ്രീമതി യമുനാദേവി റ്റി.എസ്, ഹെഡ്മിസ്ട്രസ്സ്, ജി.ജി.എച്ച്.എസ്.എസ് കരമന, തിരുവനന്തപുരം
5) വിദ്യാഭ്യാസ ഉപഡയറക്ടർ തിരുവനന്തപുരം, ആലപ്പുഴ
6) സ്റ്റോക്ക് ഫയൽ